FRIDAY 19.01.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

**Chief Editor : ASA S KUMAR** **Editor : Dr BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/01/2024

1. കേരള കാർഷിക സർവ്വകലാശാലയും ഭാരതീയ കാർഷിക ഗവേഷണ കൗൺസിലും (ഐസിഎആർ) സംയുക്തമായി സംഘടിപ്പിക്കുന്ന 'വനിതാ കർഷിക സംരംഭക മേഖല സമ്മേളനം 2024' വെള്ളാനിക്കരയിൽ ജനുവരി 20ന് ഉദ്ഘാടനം ചെയ്യുന്നു. ജനുവരി 20 മുതൽ 21 വരെ നടത്തുന്ന ഈ സമ്മേളനം കർഷകരെ അധികവരുമാനത്തോടെ ശാക്തീകരിക്കുന്നത്തിനും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വൈവിധ്യവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. സമ്മേളനത്തിൽ കേരളം, കർണാടകം, ലക്ഷദ്വീപ് മേഖലയിലെ 48 കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രതിനിധികളും 250 ഓളം വനിത കാർഷിക സംരംഭകരും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കും. ചടങ്ങിൽ പങ്കെടുക്കുന്ന സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് കാർഷിക സർവകലാശാല പുറത്തിറക്കുന്ന പാക്കേജ് ഓഫ് പ്രാക്ടീസ് 2024 പ്രകാശന കർമ്മവും റവന്യൂ മന്ത്രി അഡ്വ. കെ രാജൻ കേരളത്തിലെ വനിത കർഷക സംരംഭകരെ കുറിച്ചുള്ള വീഡിയോയുടെ പ്രകാശനവും നിർവഹിക്കും കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ. ബി അശോക് ഐഎഎസ്, ചടങ്ങിൽ പങ്കെടുക്കും. സമ്മേളനത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിലുള്ള കാർഷിക സെമിനാറുകളും രണ്ട് ദിവസങ്ങളിലായി നടക്കും.

2. വെള്ളാനിക്കര ഫലവർഗ വിള ഗവേഷണ കേന്ദ്രത്തിൽ വിവിധയിനം മാവ്, പ്ലാവ്, പാഷൻ ഫ്രൂട്ട്, കവുങ്ങ്, വടുകപ്പുളി, നാരകം, പേര ആത്തച്ചക്ക, കറിവേപ്പ്, ചാമ്പ, സീതപ്പഴംതൈ എന്നീ മുന്തിയ ഇനം നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് ജൈവ വളങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487- 2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള കാന്തി ഇനത്തിൽപ്പെട്ട മഞ്ഞൾ വിത്ത് കിലോയ്ക്ക് 60 രൂപ നിരക്കിൽ ലഭ്യമാണ്. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

4. ജനുവരി 15 മുതൽ 31 വരെ നടക്കുന്ന ജന്തുക്ഷേമ വാരാചരണത്തിന്റെ ഭാഗമായി കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ വച്ച് ജനുവരി മാസം 20-ാം തീയതി യു പി, ഹൈസ്കൂൾ/ ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ കുട്ടികൾക്കായി ഉപന്യാസം, പ്രസംഗം, പെയിന്റിംഗ് (വാട്ടർ കളർ) മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന കുട്ടികൾ 20-ാം തീയതി രാവിലെ 10.30 ന് മുൻപായി കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ എത്തേണ്ടതാണ്.

5. ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും കുന്നപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പാൽഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി കുന്നപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം ആപ്കോസ് ഹാളിൽ വച്ച് ഇന്ന് (ജനുവരി 19) നടത്തുന്നു. ശുദ്ധമായ പാൽ ഉൽപാദനം കർഷകർ അറിയേണ്ടത്, ശാസ്ത്രീയ പശു പരിപാലനം, ക്ഷീര ഗ്രാമം പദ്ധതിയും മറ്റ് ആനുകൂല്യങ്ങളും എന്നീ വിഷയങ്ങളിൽ ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീര കർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് നടത്തുന്ന പരിശീലനകേന്ദ്രത്തിൽ ജനുവരി 25ന് പോത്തുകുട്ടി വളർത്തലിലും ജനുവരി 29ന് മുയൽ വളർത്തലിലും പരിശീലനം നൽകുന്നു. 8590798131 എന്ന നമ്പറിൽ വാട്സാപ്പ് മുഖേന രജിസ്റ്റർ ചെയ്യാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. താൽപര്യമുള്ളവർ സെൻട്രൽ ഹാച്ചറിയുടെ പരിശീലന വിഭാഗവുമായി 0479 2457778, 0479 2452277 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെൻറ് സെൻററിൽ ക്ഷീരകർഷകർക്കായി **'ശാസ്ത്രീയ പശുപരിപാലനം'** എന്ന വിഷയത്തെ ആസ്പദമാക്കി 22/01/2024 മുതൽ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ടെക്നിക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ 2024 ഫെബ്രുവരി മാസം ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. കോഴ്സിൽ പങ്കെടുക്കാവുന്നവരുടെ എണ്ണം പതിനഞ്ചായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ജീവശാസ്ത്രശാഖകളിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. അപേക്ഷ ഫെബ്രുവരി 01-ന് മുമ്പായി നൽകണം. വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് അനുബന്ധമേഖലകളിൽ ഗവേഷണം നടത്തുന്നതിനും തൊഴിലുകൾ ചെയ്യുന്നതിനും ആവശ്യമായ കഴിവ് ആർജിക്കാൻ കഴിയും. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ-മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം